milma

# Kerala Co-operative Milk Marketing Federation Ltd.

**Central Products Dairy,**

**Punnapra P.O., Alappuzha- 688 004**

**E-mail:- cpd@milma.com, Ph: - 0477 2255901, 2255902, 225590**


CPD/ENGG/2025 / 1431                      27.01.2025

## തടി ലേല പരസ്യം

കേരള കോഓപ്പറേറ്റീവ് മിൽക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് അധീനതയിൽ വരുന്ന ആലപ്പുഴ സെൻട്രൽ പ്രോഡക്റ്റ് ഡയറി ക്യാമ്പസ്സിൽ പുതിയതായി പെട്രോൾ പമ്പ്, മിൽമ ഷോപ്പി മുതലായവ സ്ഥാപിക്കാൻ പ്ലാന്റിന്റെ തെക്കു കിഴക്ക് മൂലയിൽ മാർക്ക് ചെയ്തിരിക്കുന്ന പുരയിടത്തിൽ നിൽക്കുന്ന വിവിധ ഇനം വൃക്ഷങ്ങൾ മഹസ്സർ **നമ്പർ:** MA 1 to 49 വരെയുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റി തടികൾ എടുത്ത് കൊണ്ട് പോകുന്നതിനു താത്പര്യം ഉള്ള ആളുകളിൽ നിന്നും മത്സര സ്വഭാവം ഉള്ള സീൽഡ് **ക്വട്ടേഷനുകൾ** ക്ഷണിച്ചു കൊള്ളുന്നു.

(മുറിച്ച് എടുക്കേണ്ട വൃക്ഷങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടുന്നതിന് ഓഫീസിന്റെ പ്രവർത്തന സമയമായ 9am – 5pm വരെ അനുവദിക്കുന്നതാണ്).

**മറ്റു നിബന്ധനകൾ:**

1) പ്രസ്തുത മരങ്ങൾ **മുറിച്ചു** മാറ്റി ക്യാമ്പസ്സിൽ **നിന്നും നീക്കം ചെയ്യുന്നതിന്** താല്പര്യം ഉള്ളവർ ₹2500/- രൂപയുടെ EMD, മാനേജർ, **സെൻട്രൽ പ്രോഡക്സ് ഡയറി, പുന്നപ്രയുടെ പേരിൽ താഴെപറയുന്ന അക്കൗണ്ടിൽ ഓൺലൈനായോ, ഓഫീസിൽ നേരിട്ട് പണമായോ ഒടുക്കാവുന്നതാണ്.** കോട്ട് ചെയ്യുന്ന **പരമാവധി** തുക കാണിച്ചു **ഫെബ്രുവരി 4–ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപായി** സമർപ്പിക്കേണ്ടതാണ്. (SBI A/c No.67192090757, IFSC Code-0070215)

2) **ഫെബ്രുവരി 4–ാം തീയതി ഉച്ചയ്ക്ക് 2.30 pm–ന്** CPD ഓഫീസ് അങ്കണത്തിൽ വെച്ച് ഓപ്പൺ **ലേലവും തുടർന്ന്** സീൽഡ് **ക്വട്ടേഷനുകൾ** തുറക്കുന്നതായിരിക്കും.

3) ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം **1.00** pm ന് **മുൻപായി** ഈ ഓഫീസിൽ ₹2500/– നിരതദ്രവ്യം കെട്ടിവക്കേണ്ടതും തുടർന്ന് നൽകുന്ന ടോക്കൺ **നമ്പർ** ഉപയോഗിച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതു**മാണ്**.

4) ലേലത്തിൽ വിളിക്കുന്ന **പരമാവധി** തുക ഉറപ്പിച്ചതിനു ശേഷം **മാത്രമേ** സീൽഡ് **ക്വട്ടേഷനുകൾ** തുറക്കുക**യുള്ളൂ.**

5) ലേലം സ്ഥിരപ്പെടുത്തുന്നത് **ക്വട്ടേഷൻ** തുകയും, പരസ്യ ലേലത്തിൽ ലഭിച്ച തുകയും താരതമ്യം ചെയ്തു ഏറ്റവും കൂടിയ തുക കോട്ട് ചെയ്ത വ്യക്തിക്ക് ആയിരിക്കും.

6) യാതൊരു കാരണവശാലും **ഫെബ്രുവരി 4–ാം തീയതി ഉച്ചയ്ക്ക് 1.00 pm–ന് ശേഷം ലഭിക്കുന്ന** സീൽഡ് ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

7) ലേലം ഉറപ്പിക്കുന്ന ദിവസം തന്നെ കോട്ട് ചെയ്യുന്ന തുകയുടെ 50 **ശതമാനം മുൻകൂറായി** ഈ ഓഫീസിൽ ഒടുക്കേണ്ടതാണ്.

8) ബാക്കി തുക ഹെഡ് ഓഫീസിൽ നിന്നും ലേലം സ്ഥിരപ്പെടുത്താൻ അന്തിമ അനുമതി കിട്ടുന്ന മുറക്ക് ലേലം പിടിച്ച ആളെ അറിയിക്കുന്നതും തുടർന്ന് ബാക്കി 50 **ശതമാനം** തുക ഒരു **ആഴ്ചക്കകം ഒടുക്കുകയും ഉടൻ** തന്നെ മരം മുറിച്ചു മറ്റേതേണ്ടതുമാണ്.

9) ഏതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ലേലം ഉറപ്പിക്കാതിരിക്കാനോ/ ക്യാൻസൽ ചെയ്യാനോ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് നിയമപരമായി അവകാശം ഉള്ളതാണ്.

10) ലേലം ഉറപ്പിക്കുന്ന മുറയ്ക്ക് ഒന്നും രണ്ടും സ്ഥാനക്കാരൊഴികെ ലേലത്തിൽ പങ്കെടുത്ത ബാക്കി എല്ലാവരുടെയും നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

11) ലേലത്തിൽ **ഉൾപ്പെടുത്തിയിരിക്കുന്ന** തടികളുടെ മതിപ്പു വില 2,12,349/- **രൂപയാണ്.** ഇതു അടിസ്ഥാന വിലയും, ഇതിലുപരി GST യും കൂട്ടിയുള്ള തുകയ്ക്കാണ് ലേലത്തിൽ പങ്കെടുക്കുന്നവർ **ക്വട്ടേഷൻ** / ലേലം വിളിക്കേണ്ടത്.

മരങ്ങളുടെ ഇന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | അക്കേഷ്യ | 40 |
| 2 | മഴമരം | 2 |
| 3 | പൂവാക | 4 |
| 4 | ആഞ്ഞിലി | 2 |
| 5 | ആൽമരം | 1 |

CENTRAL PRODUCTS DAIRY PUNNAPRA, ALLEPPEY-688 004. K. C. M. M. F. LTD.

മാനേജർ

ആലപ്പുഴ
27.01.2025